# ഹെയ്തിയിലെ ദുരന്തം

അഞ്ച് വര്ഷങ്ങള്ക്ക് മുമ്പ് ഏഷ്യയെ പിടിച്ചുകുലുക്കിയ സുനാമിക്ക് ശേഷം ലോകം കണ്ട ഏറ്റവും വലിയ പ്രകൃതി ദുരന്തത്തിനാണ് കരീബിയന് ദ്വീപ് സമൂഹമായ ഹെയ്തി സാക്ഷ്യം വഹിച്ചത്. രാജ്യത്തിന്റെ തലസ്ഥാനമായ പോര്ട്ട് ഓ പ്രിന്സിന് സമീപത്തുള്ള പ്രഭവകേന്ദ്രത്തില് നിന്നും ഉണ്ടായ ഭൂകമ്പത്തിന്റെ പ്രകമ്പനം രാജ്യത്തെ ഏറ്റവും വലിയ ശവപ്പറമ്പാക്കി മാറ്റി. പ്രസിഡന്റിന്റെ കൊട്ടാരം മുതല് തടവറ വരെ തകര്ത്തെറിഞ്ഞ് ഭൂമി നടുങ്ങിത്തെറിച്ചപ്പോള് ആഭ്യന്തര യുദ്ധത്തിന്റെയും അരാജകത്വത്തിന്റെയും പിടിയില് അമര്ന്നിരുന്ന രാജ്യം ഒരു പിടി മണ്ണ് മാത്രമായി അവശേഷിച്ചു. പ്രാദേശിക സമയം പുലര്ച്ച സംഭവിച്ചതിനാല് രക്ഷപ്പെടാനുള്ള അവസരങ്ങള് വളരെ വിരളമായി. ഏകദേശം മൂന്ന് ലക്ഷം പേര് ഒറ്റ മിനിട്ടിനുള്ളില് മണ്ണിനുള്ളിലായിയെന്ന് അനൌദ്യോഗിക കണക്കുകള് വെളിപ്പെടുത്തുന്നു.

അറ്റ്ലാന്റിക്കിനും കരീബിയന് കടലിനും ഇടയിലുള്ള ഹെയ്തി എന്ന ഭൂപ്രദേശം കുറേ നാളായി അരാജകത്വത്തിന്റെ പിടിയിലാണ്. ആഭ്യന്തര യുദ്ധങ്ങളും പോര്വിളികളും സദാസമയം വേട്ടയാടിക്കൊണ്ടിരിക്കുന്ന രാജ്യം. ലോകസമാധാനത്തിന് വേണ്ടി നിലകൊള്ളുന്ന പ്രസ്ഥാനങ്ങളോ ലോകത്തിലെ വന്ശക്തികളോ ഈ കൊച്ചുരാജ്യത്തിന്റെ വേദനകളെ പരിഹരിക്കുവാന് ഇത് വരെ വേണ്ടത്ര നടപടികള് സ്വീകരിച്ചുകണ്ടിട്ടില്ല. ഹെയ്തി പോലൊരു രാജ്യത്ത് ഇടപെടുന്നത് കൊണ്ട് അവരുടെ നിക്ഷിപ്ത താത്പര്യങ്ങള് സംരക്ഷിക്കാന് വകുപ്പുകളൊന്നുമില്ലല്ലോ. ഇപ്പോള് വന്നുപതിച്ച പ്രകൃതി ദുരന്തം രാജ്യത്തിന്റെ ഭാവിയെപ്പോലും ചോദ്യചിഹ്നമാക്കുന്നു. രാജ്യത്ത് ഒരു സര്ക്കാര് നിലവില്ലാത്ത അവസ്ഥ സംജാതമായിരിക്കുന്നത് കടുത്ത ആശങ്ക ഉളവാക്കുകയാണ്.

പ്രകൃതി ദുരന്തങ്ങള് എന്നും മനുഷ്യന് ഭീതിദമായ സ്വപ്നമാണ് സമ്മാനിക്കുന്നത്; ഭയാനകമാണ് പ്രകൃതിയുടെ കോപത്തിന്റെ തീവ്രത. ഭൂമിക്ക് മുകളില് മനുഷ്യന് പാപം ചെയ്തുകൂട്ടുമ്പോള് ഇടയ്ക്കിടെ ഭൂമി മത്തനെപ്പോലെ ചാഞ്ചാടുന്നു. കിടുകിടെ കിടുങ്ങുന്നു. നിമിഷാര്ദ്ധത്തിനിടയില് കിടപ്പാടങ്ങളും മനുഷ്യനിര്മ്മിത വസ്തുക്കളും ചീട്ടുകൊട്ടാരം പോലെ തകര്ന്നടിയുമ്പോള് മനുഷ്യപ്രയത് നങ്ങളുടെയും വിയര്പ്പൊഴുക്കിയുള്ള അദ്ധ്വാനങ്ങളുടെയും നിരര്ത്ഥകതയും മനുഷ്യന്റെ നിസഹായതയും ദൈന്യതയോടെ ലോകത്തിന് മുമ്പില് പ്രതിഫലിക്കുന്നു. ഇതാണ് മനുഷ്യന്റെ അവസ്ഥയെങ്കില് ചൊവ്വയില് പോയി കൂടുവയ്ക്കാന് പോലും ആഗ്രഹിക്കുന്ന മനുഷ്യന്റെ അഹങ്കാരത്തിനും അതിര് കടന്ന വ്യാമോഹങ്ങള്ക്കും എന്ത് പ്രസക്തി? ഒരു നിമിഷം വിറയ്ക്കുന്ന ഭൂമിയുടെ മുമ്പില് പിടിച്ച് നില്ക്കാന് അസാദ്ധ്യമെങ്കില് ഭൂമിയെയും പ്രകൃതിയെയും സര്വ്വചരാചരങ്ങളെയും സൃഷ്ടിച്ച, ഇന്നും നിലനിര്ത്തുന്ന സര്വ്വശക്തനായ ദൈവത്തിന്റെ മുമ്പില് മനുഷ്യന് എത്ര നിസാരന്?

ഹെയ്തിയില് ഉണ്ടായ ദുരന്തത്തിന്റെ വാര്ത്തയുടെ തീവ്രത പുറത്തുവന്നതോടെ തകര്ന്നടിഞ്ഞ ഒരു രാജ്യത്തെ സഹായിക്കുവാന് ലോകരാജ്യങ്ങളും സന്നദ്ധ

സംഘടനകളും ജാഗ്രതയോടെ തയ്യാറെടുത്തു. ദുരന്തം നടന്നിട്ട് ഒരാഴ്ച്ച പിന്നിട്ടിട്ടും ഇന്നും നഷ്ടാവശിഷ്ടങ്ങള്ക്കിടയില് കുടങ്ങിക്കിടക്കുന്ന ജഡങ്ങളെല്ലാം സംസ്ക്കരിക്കാന് പോലും സാധിച്ചിട്ടില്ല. വാര്ത്താവിനിമയ ബന്ധങ്ങളും ഗതാഗത സൌകര്യങ്ങളും താറുമാറായിരിക്കുന്ന ഹെയ്തിയില് പുനരുദ്ധാരണ പ്രവര്ത്തനങ്ങള്ക്ക് വലിയ ശ്രമം വേണ്ടി വരും. ലോകത്തിലെ വന്ശക്തികളെന്നറിയപ്പെടുന്ന രാജ്യങ്ങളോടൊപ്പം ക്രൈസ്തവ സംഘടനകളും തോളോട് തോള് ചേര്ന്ന് പ്രവര്ത്തിക്കുന്നത് ഏത് ക്രൈസ്തവനും അഭിമാനിക്കാവുന്ന വസ്തുതയാണ്.

ലോകത്തിന്റെ നാനാ ഭാഗങ്ങളില് നിന്നും സഹായം ഹെയ്തിയിലേക്ക് പ്രവഹിക്കുന്നു. ഭാരതവും സഹായത്തിനുള്ള കരങ്ങള് നീട്ടിയിട്ടുണ്ട്. വര്ഷങ്ങള്ക്ക് മുമ്പ് ലാത്തൂരിലും ഗുജറാത്തിലും ഭൂചലനങ്ങള് ഉണ്ടായി പതിനായിരങ്ങള് മരിച്ചപ്പോള് രാജ്യത്തിലേക്ക് ഒഴുകിയത് കോടിക്കണക്കിന് ഡോളറാണ്. ലോകത്ത് സാമ്പത്തിക മാന്ദ്യം രാജ്യങ്ങളെ പിടിച്ചുകുലുക്കിയപ്പോള് വലിയ പരുക്ക് പറ്റാതെ പിടിച്ച് നിന്ന രാജ്യമായതിനാലും മുമ്പ് പ്രകൃതിദുരന്തങ്ങള് സംഭവിച്ചപ്പോള് ഇതര രാജ്യങ്ങളില് നിന്നും വന്സഹായം കൈപ്പറ്റിയിട്ടുള്ളതിനാലും കരീബിയന് മേഖലയിലെ ദരിദ്രരാജ്യമായ ഹെയ്തിയെ വളരെ മാന്യമായ നിലയില് സഹായിക്കുവാനുള്ള ബാദ്ധ്യത ഭാരതത്തിനുണ്ട്.

സഹായത്തിന്റെ കരങ്ങള് ഹെയ്തിയിലേക്ക് നീളുമ്പോഴും ഗള്ഫ് രാജ്യങ്ങളില് നിന്നും വലിയ അനക്കമൊന്നും കാണുന്നില്ല എന്നത് വളരെ ശ്രദ്ധേയമാണ്. ലോകത്തിലെ ഏറ്റവും ഉയരമുള്ള കെട്ടിടങ്ങള് ഉയര്ത്താനും ലോകശ്രദ്ധയാകര്ഷിക്കുന്ന കാര്യങ്ങള് ചെയ്യാനുമുള്ള വ്യഗ്രതയ്ക്കപ്പുറം സഹാനുഭൂതിയുടെ ചിന്തയൊന്നും ഇവിടുത്ത ഭരണാധികാരികളെ നയിക്കുന്നതായി തോന്നിയിട്ടില്ല. എന്നാല് ജിഹാദിനും തീവ്രവാദത്തിനും മതപരമായ പ്രവര്ത്തനങ്ങള്ക്കും പണം ലോകത്തിന്റെ മുക്കിലും മൂലയിലേക്കും ഒഴുകിച്ചെല്ലുന്നുണ്ട്. ക്രിസ്തീയ വിശ്വാസവും ഇസ്ലാമും തമ്മിലുള്ള വ്യത്യാസം ഇവിടെ പ്രകടമാണ്.

പ്രകൃതി ക്ഷോഭങ്ങളും ഭൂചലനങ്ങളും ലോകമെമ്പാടും വര്ദ്ധിക്കുമ്പോള് ബൈബിളിലെ ക്രിസ്തുവിന്റെ വചനങ്ങള്ക്ക് പ്രസക്തി വര്ദ്ധിക്കുന്നു. തന്റെ മടങ്ങിവരവിന്റെയും ലോകാവസാനത്തിന്റെയും സമയം ചോദിച്ചറിയുവാന് ശ്രമിച്ച ശിഷ്യന്മാരോട് കൃത്യമായ സമയക്രമം കര്ത്താവ് നല്കിയില്ലെങ്കിലും ചില അടയാളങ്ങള് സൂചിപ്പിച്ചു. അവയിപ്രകാരമാണ്. ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിര്ക്കും. ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും. എങ്കിലും ഇതൊക്കെയും ഈറ്റുനോവിന്റെ ആരംഭമത്രേ. (മത്തായി 24:7,8). കര്ത്താവിന്റെ വരവ് വാതില്ക്കല് ആയിരിക്കുന്നു എന്ന് പ്രകൃതി പോലും വിളിച്ചറിയിക്കുന്നു